പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

**ചോദ്യം നമ്പർ : 1811** 06-07-2015 - ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തോമസ് ഉണ്ണിയാടൻ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | ട്രോളിംഗ് നിരോധനകാലം പുതുക്കി നടപ്പാക്കി വരുന്നുണ്ടോ ; | എ) | കേരളത്തിൽ ട്രോളിംഗ് നിരോധനം പതിവുപോലെ ജൂൺ 15 മുതൽ ജൂലൈ 31 വരെയാണ് നടപ്പിലാക്കുന്നത്. |
| ബി) | ട്രോളിംഗ് നിരോധനം എത്ര ദിവസത്തേക്കാണ് നടപ്പാക്കി വരുന്നത് ; | ബി) | കേരളത്തിൽ ട്രോളിംഗ് നിരോധനം 47 ദിവസമാണ് നടപ്പാക്കി വരുന്നത്. |
| സി) | ടി കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്ര ശിപാർശ ലഭിച്ചിട്ടുണ്ടോ ; | സി) | നിലവിൽ 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്ന സംസ്ഥാനങ്ങൾ അടുത്ത് 5 വർഷത്തിനകം 61 ദിവസത്തെ മത്സ്യബന്ധന നിരോധനം നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | ട്രോളിംഗ് ദീർഘിപ്പിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ; ഇതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കാമോ ; | ഡി) | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാരണത്താലുമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. മത്സ്യബന്ധനം ഉപജീവനമാക്കിയ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 61 ദിവസത്തെ ട്രോളിംഗ് നിരോധനം ദോഷകരമായി ബാധിക്കും. ആയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കരുതെന്ന് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയും ബഹു.കേരള മുഖ്യമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഇ) | ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ഇ) | ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. 2014-15 കാലയളവിൽ കേന്ദ്രവിഹിതം 600/- രൂപയും സംസ്ഥാന വിഹിതം 600/- രൂപയും ഗുണഭോക്തൃവിഹിതം 600/- രൂപയും കൂടി 1800/- രൂപയാണ് വിതരണം ചെയ്തത്. 2015-16 വർഷം ഇത് 2700/- രൂപയായി ഉയർത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധനം മൂലം ജോലി നഷ്ടപ്പെടുന്ന ബോട്ടിലെ ജീവനക്കാർക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിക്കുന്നുണ്ട്. ഇതിനായി 20 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ